1257
24/6/20

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസർഗോഡ് - പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സർക്കാർ നിർമ്മിച്ച് പൂർത്തീകരിച്ച വീടുകൾ 2019- ലെ ഓണ കാലയളവിൽ ഗൃഹപ്രവേശം നടത്തുന്നതിന് സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ വച്ച് ആദരിക്കപ്പെട്ട 150 മത്സ്യത്തൊഴിലാളികൾക്ക് ഓണക്കോടി നൽകിയ ഇനത്തിൽ ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2220/2020 /റവ. തിരുവനന്തപുരം, തീയതി, 18.06.2020

=====================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 29/2019/ദു.നി.വ. തീയതി 05.09.2019
2. 25.09.2019 തീയതിയിലെ കാസർഗോഡ് ജില്ലാ കളക്ടറുടെ DCKSGD/11501/2019-K1 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സർക്കാർ നിർമ്മിച്ച് പൂർത്തീകരിച്ച വീടുകൾ 2019 ലെ ഓണകാലയളവിൽ ഗൃഹപ്രവേശം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ സർക്കാർ തീരുമാനപ്രകാരമുള്ള പരിപാടി കാസർഗോഡ് ജില്ലയിൽ 07.09.2019 തീയതിയിൽ നടത്തിയെന്നും 2019 ലെ പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവരെ ആദരിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ വച്ച് ആദരിക്കപ്പെട്ട 150 മത്സ്യത്തൊഴിലാളികൾക്ക് ഓണക്കോടി നൽകിയെന്നും ആയതിനായി വാങ്ങിയ ധോത്തികൾക്കു ചെലവായ 35,519/- രൂപ ചെലവായിയെന്നും കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പ്രസ്തുത തുക അനുവദിച്ചുനല്കണമെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. 2019-ലെ പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവരെ ആദരിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട ചടങ്ങിൽ വച്ച് ആദരിക്കപ്പെട്ട 150 മത്സ്യത്തൊഴിലാളികൾക്ക് ഓണക്കോടി നൽകാൻ ധോത്തികൾക്കു ചെലവായ **35,519/- രൂപ (മുപ്പത്തിഅയ്യായിരത്തി അഞ്ഞൂറ്റി പത്തൊൻപത് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. **35,519/- രൂപ (മുപ്പത്തിഅയ്യായിരത്തി അഞ്ഞൂറ്റി പത്തൊൻപത് രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് ,സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കാസർഗോഡ്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**